# ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ (ചെയർമാൻ, സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ) അധ്യക്ഷതയിൽ കേരള നിയമസഭാ കോംപ്ലക്സ്, റൂം നമ്പർ 604-ൽ വച്ച് 13/06/2019 ന് രാവിലെ 11.00 മണിക്ക് കൂടിയ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷന്റെ (കുടുംബശ്രീ) ഗവേണിംഗ് ബോഡി യോഗത്തിന്റെ യോഗ വിവരണം

കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗത്തിൽ 24 അംഗങ്ങൾ പങ്കെടുത്തു. പങ്കെടുത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | സ്ഥാനം |
|---|---|---|
| 1. | ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | ചെയർമാൻ |
| 2. | ഡോ.ടി.എൻ.സീമ<br>എക്സ്.എം.പി | മെമ്പർ |
| 3. | ശ്രീമതി സി.എസ്.സുജാത<br>എക്സ്.എം.പി | മെമ്പർ |
| 4. | ശ്രീമതി.ഇ.എം.രാധ<br>കേരള വനിതാ കമ്മീഷൻ അംഗം | മെമ്പർ |
| 5. | ശ്രീമതി മേരി തോമസ്<br>പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, തൃശൂർ | മെമ്പർ |
| 6. | ശ്രീമതി കെ.പി.എം പുഷ്പജ<br>ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, തൃത്താല | മെമ്പർ |
| 7. | ശ്രീമതി ശാരദ മോഹൻ,<br>ജില്ലാ പഞ്ചായത്ത് അംഗം | മെമ്പർ |
| 8. | ശ്രീമതി രമ്യ എ.കെ<br>പ്രസിഡന്റ്, എരഞ്ഞോളി ഗ്രാമപഞ്ചായത്ത് | മെമ്പർ |
| 9. | ശ്രീ.കെ.കെ.ജോഷി,<br>പ്രസിഡന്റ്, വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത് | മെമ്പർ |
| 10. | ശ്രീമതി.പി.ബേബി ബാലകൃഷ്ണൻ | മെമ്പർ |
| 11. | ശ്രീമതി റിഷ പ്രേംകുമാർ<br>എച്ച്.എസ്.എസ്.റ്റി, വി.എം.എച്ച്.എസ്.എസ്,<br>വടവന്നൂർ | മെമ്പർ |

| | | |
|---|---|---|
| 12. | ശ്രീ.എൻ.പത്മകുമാർ ഐ.എ.എസ്<br>കമ്മീഷണർ, ഗ്രാമവികസന വകുപ്പ് | മെമ്പർ |
| 13. | ശ്രീ.കെ.വി.മുരളീധരൻ,<br>സ്പെഷ്യൽ സെക്രട്ടറി,<br>പൊതു വിദ്യാഭ്യാസ വകുപ്പ് | മെമ്പർ |
| 14. | ശ്രീമതി കെ.എസ്.ഉഷ<br>അഡീഷണൽ സെക്രട്ടറി, ധനകാര്യ വകപ്പ് | മെമ്പർ |
| 15. | ശ്രീമതി.എൻ.ആർ.ശ്രീലത<br>അഡീ.സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് | മെമ്പർ |
| 16. | ശ്രീ.ബി.കെ.ബാലരാജ്<br>ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് | മെമ്പർ |
| 17. | ശ്രീ.ജോസഫ്.സി.പി<br>ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ,<br>എം.ജി.എൻ.ആർ.ഇ.ജി.എസ് | മെമ്പർ |
| 18. | ശ്രീ.ബി.കെ.ദിനേശ്കുമാർ,<br>ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് | മെമ്പർ |
| 19. | ശ്രീമതി കെ.എം.ലീലാമണി<br>ജോയിന്റ് സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ് | മെമ്പർ |
| 20. | ശ്രീ.എസ്.ആർ.സനൽ കുമാർ, ചീഫ് (i/c)<br>ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് | മെമ്പർ |
| 21. | ശ്രീ.നാഗേന്ദ്രൻ.വി,<br>ഡെപ്യൂട്ടി സെക്രട്ടറി,<br>തദ്ദേശ സ്വയം ഭരണ വകുപ്പ് | മെമ്പർ |
| 22. | ശ്രീ,രാകേഷ്.വി,<br>മാനേജർ, നബാർഡ് | മെമ്പർ |
| 23. | ശ്രീമതി ഷീജ.എസ്,<br>സീനിയർ സൂപ്രണ്ട്, കളക്ടറേറ്റ് | മെമ്പർ |
| 24. | എക്സിക്യൂട്ടീവ് ഡയറക്ടർ<br>കുടുംബശ്രീ | മെമ്പർ സെക്രട്ടറി |

യോഗത്തിൽ ചർച്ച ചെയ്ത വിഷയങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും ചുവടെ ചേർക്കുന്നു. വിഷയങ്ങളിലേയ്ക്ക് കടക്കുന്നതിനു മുമ്പായി, കുടുംബശ്രീ ഗവേണിംഗ്ബോഡി യോഗാംഗങ്ങൾക്ക് അജണ്ട സമർപ്പിക്കുന്നതിൽ സമയക്രമം പാലിക്കണമെന്ന് ബഹു:മന്ത്രി നിർദ്ദേശിച്ചു.

## ❖ അജണ്ട നമ്പർ 1

വിഷയം: 20/03/2019-ന് കൂടിയ യോഗത്തിന്റെ മിനിട്ട്സ്

20/03/2019-കൂടിയ യോഗത്തിന്റെ മിനിട്ട്സ് ഗവേണിംഗ് ബോഡി അംഗങ്ങളുടെ അറിവിലേയ്ക്കായി അനുബന്ധം-1 ആയി സമർപ്പിച്ചത്.

**തീരുമാനം**

അറിവിലേയ്ക്കായി സമർപ്പിച്ച വിഷയം

## ❖ അജണ്ട നമ്പർ 2

വിഷയം: 20/03/2019-ന് കൂടിയ യോഗത്തിന്റെ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ - സംബന്ധിച്ച്

20/03/2019-ന് കൂടിയ യോഗത്തിന്റെ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ അനുബന്ധം-2 ആയി സമർപ്പിച്ചത്.

**തീരുമാനം**

20/03/2019-ന് കൂടിയ യോഗത്തിന്റെ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ ചർച്ച ചെയ്ത് യോഗം അംഗീകരിച്ചു.

## B. നയപരമായും ഭരണപരമായും തീരുമാനമെടുക്കേണ്ട വിഷയങ്ങൾ

## ❖ അജണ്ട നമ്പർ 3

വിഷയം: കുടുംബശ്രീ - 2018-19 സാമ്പത്തിക വർഷം അനുവദിച്ച 188.62 കോടി രൂപ ചെലവഴിച്ച വിവരം അറിവിലേയ്ക്കായും, അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് കൂടുതൽ തുക അനുവദിക്കുന്നതിന് അനുമതിയും ലഭ്യമാക്കുന്നത് - സംബന്ധിച്ച്

**തീരുമാനം**

കുടുംബശ്രീക്ക് 2019-20 സാമ്പത്തിക വർഷം അംഗീകരിച്ച തുക ലഭ്യമാവുകയും, ആയത് പൂർണ്ണമായും ചെലവഴിക്കുകയും ചെയ്യുന്ന മുറയ്ക്ക് പലിശ സബ്സിഡിക്കു വേണ്ടിയും, അഗതിരഹിത കേരളം പദ്ധതിക്കു വേണ്ടിയും കൂടുതൽ തുക ആവശ്യമാണെങ്കിൽ വ്യക്തമായ ശുപാർശയോടെ അഡീഷണൽ ഓതറൈസേഷൻ നൽകുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

## ❖ അജണ്ട നമ്പർ 4

വിഷയം:- പ്രളയാനന്തര ജീവനോപാധി പ്രവർത്തനങ്ങൾ - പ്രൊപ്പോസൽ അംഗീകാരം - സംബന്ധിച്ച്

**തീരുമാനം**

**പ്രളയാനന്തര ജീവനോപാധി പ്രവർത്തനങ്ങൾക്കായി പ്ലാനിംഗ് ബോർഡ് അംഗീകരിച്ച 75 കോടി രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നൽകുകയും, ഈ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകുകയും ചെയ്തു.**

## ❖ അജണ്ട നമ്പർ 5

വിഷയം: റീബിൽഡ് കേരള ഇനിഷ്യേറ്റീവ് - പ്രൊപ്പോസൽ അംഗീകാരത്തിനായും, ഡി.പി.ആർ തയ്യാറാക്കുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതും സംബന്ധിച്ച്

**തീരുമാനം**

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രൊപ്പോസലിന്, അംഗീകാരം നൽകുകയും, ഉന്നതതല മീറ്റിംഗിൽ സൂചിപ്പിച്ച മാറ്റങ്ങളോടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.**

**റീബിൽഡ് കേരളയുടെ ആർ.കെ.ഡി.പി ഡോക്യുമെന്റിൽ നിർദ്ദേശിച്ച നയപരമായ തീരുമാനങ്ങൾ സംബന്ധിച്ച നടപടി കൈക്കൊള്ളുന്നതിന് ഗവേണിംഗ്ബോഡിയുടെ അംഗീകാരം നേടേണ്ടതാണെന്ന് ബഹു: ചെയർമാൻ നിർദ്ദേശിച്ചു.**